"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ വാർഫിന് സമീപത്തെ കരിങ്കൽക്കെട്ട് പുതുക്കി പണിയുന്ന പ്രവൃത്തിക്ക് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.326/2026/F&P തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:- കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15-5-2026 ലെ HOKMB-TVM/517/2026-C1 (Devp) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബേപ്പൂർ തുറമുഖത്തെ വാർഫിന് സമീപത്തെ കരിങ്കൽകെട്ട് കാലവർഷത്തിന്റെ ഭാഗമായി കേടുപാടുകൾ സംഭവിച്ചതിനെ തുടർന്ന് ആയത് പുതുക്കി പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ബേപ്പൂർ ഹാർബർ എൻജിനീയറിങ് വകുപ്പ് അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനീയറിനോട് ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എൻജിനീയറിംഗ് വകുപ്പ് സമർപ്പിച്ചതായും, മേൽ പ്രവൃത്തിക്ക് ഭരണാനുമതിയും ഫണ്ടും അനുവദിച്ച് നൽകണമെന്ന് കോഴിക്കോട് പോർട്ട് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ ബേപ്പൂർ തുറമുഖത്തെ വാർഫിന് സമീപത്തെ കരിങ്കൽക്കെട്ട് പുതുക്കി പണിയുന്ന പ്രവൃത്തിക്ക് 22,00,000/-രൂപയുടെ ഭരണാനുമതി "5051-02-200-86- നോൺ മേജർ തുറമുഖങ്ങളുടെ വികസനം" എന്ന ശീർഷകത്തിൽ കോഴിക്കോട് പോർട്ട് ഓഫീസറിന് അനുവദിച്ചു നൽകണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനെ തുടർന്ന് ബേപ്പൂർ തുറമുഖത്തെ വാർഫിന് സമീപത്തെ കരിങ്കൽക്കെട്ട് പുതുക്കി പണിയുന്ന പ്രവൃത്തിക്ക് 22,00,000/-രൂപയുടെ ഭരണാനുമതി "5051-02-200-86- നോൺ മേജർ തുറമുഖങ്ങളുടെ വികസനം" എന്ന ശീർഷകത്തിൽ കോഴിക്കോട് പോർട്ട് ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shajish P
Date: 05-06-2026 16:44:19

സെക്ഷൻ ഓഫീസർ